# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6719 — 10.07.2014 ൽ മറുപടിക്ക്

## കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് എന്തൊക്കെ ഭക്ഷണങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ വിവിധ സി.എച്ച്.സി/താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് കഞ്ഞി, പയർ, പാൽ, മുട്ട, ബിസ്ക്കറ്റ്, ബ്രെഡ് എന്നിവ നൽകി വരുന്നു.<br>ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ നടപ്പിലാക്കുന്ന അമ്മയും കുഞ്ഞും പദ്ധതി പ്രകാരം പ്രസവം നടക്കുന്ന ആശുപത്രികളിൽ പ്രസവത്തിനായി എത്തുന്ന സ്ത്രീകൾക്ക് അഡ്മിഷൻ മുതൽ ഡിസ്ചാർജ് ചെയ്യുന്നതുവരെ ആശുപത്രിയിൽ നിന്നും സൗജന്യ ഭക്ഷണം ലഭ്യമാക്കുന്നു.<br>പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ ഭക്ഷണത്തിൽ ബെഡ് കോഫി, പ്രാതൽ, ഓരോ സീസണിലും ലഭ്യമാകുന്ന പഴങ്ങൾ, ഉച്ചഭക്ഷണം, ചായയും നാലുമണി പലഹാരവും, അത്താഴവും ലഭ്യമാക്കുന്നു. |
| (ബി) ഈ ഭക്ഷണം ഏതൊക്കെ സമയങ്ങളിലാണ് വിതരണം ചെയ്യേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; | (ബി) കഞ്ഞി, പയർ എന്നിവ ഉച്ചയ്ക്കും വൈകുന്നേരവും നൽകുന്നു. പാൽ, മുട്ട, ബ്രെഡ്, ബിസ്കറ്റ് എന്നിവ വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ രാവിലെയും വൈകുന്നേരവും നൽകുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്.<br>അമ്മയും കുഞ്ഞും പദ്ധതി പ്രകാരം ഭക്ഷണം വിതരണം ചെയ്യുന്നതിന്റെ സമയം നിഷ്കർഷിച്ചിട്ടുണ്ട്. |

| **സമയം** | **ഭക്ഷണ രീതി** |
|---|---|
| രാവിലെ 6 മുതൽ 7 വരെ | ബെഡ് കോഫി, പ്രാതൽ |
| പകൽ 10 മണിക്ക് | സീസൺ അനുസരിച്ച് ലഭ്യമാകുന്ന പഴവർഗ്ഗങ്ങൾ |

| | |
|---|---|
| ഉച്ചയ്ക്ക് 12 മുതൽ 1 വരെ | ഉച്ചഭക്ഷണം |
| വൈകുന്നേരം 4 മണിക്ക് | ചായയും പലഹാരവും |
| രാത്രി 07.30 മണിക്ക് | അത്താഴം |

(സി) ഭക്ഷണം യഥാസമയങ്ങളിൽ രോഗികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി) ഭക്ഷണം യഥാസമയത്ത് രോഗികൾക്ക് വിതരണം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആശുപത്രി സൂപ്രണ്ടിനെയും ഭക്ഷണ വിതരണത്തിന്റെ ചുമതലയുള്ള നഴ്സിംഗ് സൂപ്രണ്ട്/ഹെഡ് നഴ്സിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ ഭക്ഷണ വിതരണം കാര്യക്ഷമമായാണ് നടന്നു വരുന്നത്. ഇതു സംബന്ധിച്ച് പരാതികളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

അമ്മയും കുഞ്ഞും പദ്ധതിയുടെ ഭാഗമായി പ്രസവത്തിനായി എത്തുന്ന സ്ത്രീകൾക്ക് ലഭ്യമാകുന്ന സൗജന്യ ഭക്ഷണത്തിന്റെ മേൽനോട്ട നിർവ്വഹണത്തിനായി പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ